ആർ.വെങ്കട്ടരാമൻ


മുൻ രാഷ്ട്രപതി



# ക്രിസ്തീയ ചൈതന്യത്തിന്റെ ഉദാത്ത പ്രതീകം

ധന്യനായ ചാവറയച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു നൂറ്റാണ്ടിലേറെയായിരിക്കുന്നു. വർഷങ്ങൾ കടന്നു പോയിട്ടും ഒരു പ്രചോദകശക്തിയായി ആയിരങ്ങളുടെ മനസിൽ അനശ്വരനായി അദ്ദേഹം ഇന്നും ജീവിക്കുന്നു. ഒരു മഹാപണ്ഡിതനായും അഗതികൾക്കും ദരിദ്രർക്കും അധഃകൃതർക്കും വേണ്ടിയുള്ള സ്ഥാപനങ്ങളുടെ സ്ഥാപകനായും അദ്ദേഹം നന്ദിപൂർവം സ്മരിക്കപ്പെടുന്നു.

ദൈവികചിന്തയേയും മനുഷ്യസേവനത്തേയും ഇദ്ദേഹത്തെപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. യഥാർഥത്തിൽ ഈ മഹാത്മാവിന്റെ മനസിൽ വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും കർമ്മപരമായ പ്രവർത്തനങ്ങൾക്കും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായിരുന്നില്ല. ചാവറയച്ചൻ ഈ രണ്ടു രീതിയേയും പ്രതിനിധീകരിച്ചിരുന്നു. ഒരു യോഗിവര്യനായിരുന്നെങ്കിലും അദ്ദേഹം ബാഹ്യപ്രവർത്തനങ്ങളുടെ നിലയ്ക്കാത്ത യന്ത്രം തന്നെയായിരുന്നു. ചാവറയച്ചൻ തന്റെ ഉള്ളിന്റെ ഉള്ളിലെ ദൈവികചൈതന്യത്തിലേക്കു സംക്രമിക്കുന്നതോടൊപ്പം ഏവർക്കും അഭിമാനമുള്ളവരും ദൈവവിശ്വാസമുള്ളവരുമായി ജീവിക്കുന്നതിനുള്ള സാമൂഹിക ചുറ്റുപാട് ഉണ്ടാക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിരുന്നു. 1986-ൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ തന്റെ ഭാരത സന്ദർശന വേളയിൽ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് തികച്ചും സമുചിതമായിരിക്കുന്നു.



ചാവറ സ്മാരക സ്റ്റാമ്പ്

ചാവറയച്ചൻ ജീവിച്ചിരുന്ന കാലഘട്ടം, അതായത് 19-ാം നൂറ്റാണ്ട്, നമ്മുടെ സമൂഹം ദാരിദ്ര്യത്തിലും നിരാശയിലും നീങ്ങിക്കൊണ്ടിരുന്ന ഒരവസരമായിരുന്നു. വിദേശികളായ അന്നത്തെ ഭരണാധികാരികൾ ജനങ്ങളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് യാതൊന്നും ശ്രദ്ധിച്ചിരുന്നില്ല. മഹത്തായ നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും നാരായവേരിനു കോടാലി വയ്ക്കുന്ന തരത്തിൽ നമ്മുടെ പോരായ്മകളെ വെളിച്ചത്തു കൊണ്ടുവരുന്നതിനും നമ്മുടെ ശക്തിയെ നിസാരമായിക്കരുതുന്നതിനും അബദ്ധജടിലമായ പ്രചാരണങ്ങൾ നടക്കുകയായിരുന്നു.

ഇതിന്റെ പരിണതഫലമായി നമ്മുടെ ജനങ്ങളിൽ ശക്തമായ അപകർഷതാബോധവും നിരാശയും ഉണ്ടായി. ചാവറയച്ചനേപ്പോലുള്ള ചുരുക്കം ചില മനീഷികൾക്കെങ്കിലും ഭാരതത്തിന്റെ കഴിഞ്ഞ കാലത്തെ, അതിന്റെ ഭാവി ഭാഗധേയവുമായി സമന്വയിപ്പിക്കുവാൻ നന്നായി അറിയാമായിരുന്നു. ഭാരതത്തിന്റെ ഭാവി തിരുത്തിക്കുറിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. വേദങ്ങളും സംസ്കൃത ഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും തമിഴും സംസ്കൃതവും പഠിക്കുകയും ഇപ്രകാരം ഭാരത്തിന്റെ പുരാതനമായ ജ്ഞാന സമ്പത്തിനെ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ ദൈവവിജ്ഞാനവുമായി ബന്ധിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. തന്റെ വിജ്ഞാനം ജനങ്ങളുമായി പങ്കുവയ്ക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. ഇതിനുവേണ്ടി അദ്ദേഹം 1829 മുതൽ 1870 വരെയുള്ള 40 കൊല്ലത്തെ അനുഭവങ്ങൾ തന്റെ ഭാവിതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തി. 'നാളാഗമങ്ങൾ' എന്നറിയപ്പെടുന്ന രേഖ 1829 മുതൽ 1870 വരെ കേരളത്തിന്റെ ആധികാരികമായ ചരിത്രം തന്നെയാണ്.

വിദ്യാഭ്യാസ പ്രവർത്തനം അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ടതായിരുന്നു. മതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമായിരുന്നു. അധഃകൃതരെ ഉദ്ധരിക്കുന്നതിന് ഒന്നാന്തരമൊരു മാർഗമായിരുന്നു ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ പ്രവർത്തനം. പാലയ്ക്കലച്ചനിൽ നിന്നും പോരൂക്കരയച്ചനിൽ നിന്നും ഉത്തേജനം സ്വീകരിച്ചുകൊണ്ട് എല്ലാ ഇടവക ദേവാലയങ്ങളോടും അനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിക്കപ്പെടണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ഒരു പടികൂടി കടന്ന്, ഇപ്രകാരം തന്റെ നിർദേശം അനുസരിച്ച് സ്കൂളുകൾ തുടങ്ങാത്ത ഇടവകപ്പള്ളികളെല്ലാം അടച്ചു പൂട്ടണമെന്ന് അദ്ദേഹം താക്കീതു ചെയ്തു. വിദ്യാദാനത്തിനുവേണ്ടി അപേക്ഷിക്കുന്ന ഏതു മതക്കാർക്കും ഹരിജനങ്ങളുൾപ്പെടെയുള്ളവർക്ക്, ചാവറയച്ചൻ സമാരംഭിച്ച സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇതു വിപ്ലവകരമായ ഒരു നീക്കം തന്നെയായിരുന്നു. ചാവറയച്ചന്റെ വിദൂരദൃഷ്ടി മറ്റൊരു പുരോഗമനപരമായ കാര്യ

ത്തിലും- സ്ത്രീജനങ്ങളുടെ സമുദ്ധാരണത്തിലും-പ്രത്യേകം
പതിഞ്ഞിരുന്നു. 1864- ൽ തന്നെ ചാവറയച്ചൻ സ്ത്രീകൾക്കുവേ
ണ്ടിയുള്ള ഒരു ഭാരതീയ സന്യാസസഭയ്ക്ക് അടിസ്ഥാനമിടു
കയും അതു സ്ത്രീജനങ്ങളുടെ സർവതോന്മുഖമായ പുരോഗ
തിക്ക് ആക്കം കൂട്ടുകയും ചെയ്തു. ഇപ്രകാരം ചാവറയച്ചൻ
ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനത്തിന്റെ അതികായനായ ഒരു
അവതാരമായിരുന്നു. ഇത് അധഃകൃതരെ ഉയർത്തുന്നതിനും നിരാ
ശരെ ധൈര്യപ്പെടുത്തുന്നതിനും ജനങ്ങളിൽ സ്വാഭിമാനം വളർത്തു
ന്നതിനും വളരെയേറെ സഹായകമായി. ക്രിസ്തുമതത്തിന്റെ മഹ
ത്തായ സേവനമാതൃകവഴി ഇങ്ങനെയെല്ലാം പ്രവർത്തിക്കുവാൻ
സാധിച്ചത് ചാവറയച്ചന്റെ ഒരു പ്രത്യേക കഴിവായിരുന്നു. ഇന്ത്യ
യുടെ പ്രഥമ പ്രസിഡന്റായ ഡോ.രാധാകൃഷ്ണൻ ഭാരതത്തിലെ
ക്രിസ്തീയസഭയുടെ പുരാതനത്വത്തേയും പ്രാധാന്യത്തെയും പുര
സ്കരിച്ച് ഇപ്രകാരം പറഞ്ഞിരുന്നു.

''ഓർക്കുക വിശുദ്ധ തോമ്മാശ്ലീഹാ ഭാരതത്തിലേയ്ക്ക് വന്ന
പ്പോൾ യൂറോപ്പിലെ ഇന്നത്തെ നിരവധി ക്രിസ്തീയ രാജ്യങ്ങ
ളിലും ക്രിസ്തുമതം എത്തിനോക്കുകപോലും ചെയ്തിരുന്നില്ല.
ഭാരതത്തിലെ ക്രിസ്തുമതമാകട്ടെ തങ്ങളുടെ പിതാവാണ് സെന്റ്
തോമസ് എന്ന് അഭിമാനിക്കുന്നതുകൊണ്ട് യൂറോപ്പിലെ ഇന്നത്തെ
മിക്ക ക്രിസ്തീയ രാജ്യങ്ങളേക്കാൾ കൂടുതൽ ക്രിസ്തീയ ചരി
ത്രവും നീണ്ട ക്രിസ്തീയ പാരമ്പര്യവും ഭാരതസഭയ്ക്ക് ഉണ്ട്.
ഇപ്രകാരം സംഭവിച്ചതിൽ നമുക്ക് യഥാർത്ഥത്തിൽ അഭിമാ
നിക്കാം''. ചാവറയച്ചന്റെ ഭാരത ക്രിസ്തീയസഭയുടെ ചൈത
ന്യത്തെ സമ്യക്കായി പ്രതിനിധീകരിച്ചിരുന്നു; മലബാർ സഭയുടെ
ചൈതന്യത്തെയാകട്ടെ അതിന്റെ അത്യുജ്ജ്വല ശോഭയിലും.

സെന്റ് പീറ്റർ റോമൻ സഭയെ സ്ഥാപിച്ചതും സെന്റ് തോമസ് മല
ബാർ സഭയെ സ്ഥാപിച്ചതും അവയുടെ കാലക്രമത്തിന്റെയും
മാർഗദർശനത്തിന്റെയും അടിസ്ഥാനത്തിൽ തുല്യപ്രാധാന്യ
മർഹിക്കുന്നതാണെന്ന് എടുത്തു പറയേണ്ടതാണ്. വി. തോമസ്
എ.ഡി 52-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അന്നുമുതൽ ഇന്നു
വരെ- മദർ തെരേസയുടെ നല്ല മാതൃക നമ്മുടെ മണ്ണിനെ പുളകം
ചാർത്തുന്ന ഈ നാൾ വരെ-ക്രിസ്തുമതം ഭാരത സംസ്കാര
ത്തിന്റെ ഒരവിഭാജ്യഘടകമായിത്തീർന്നിരിക്കുന്നു.

ക്രിസ്തുവർഷത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ ദക്ഷിണ
ഭാരതം ക്രിസ്തുമതത്തിന് വരവേല്പ് അരുളിയിരുന്നു. സെന്റ്
തോമസിന്റെയും 15- ാം ശതകത്തിൽ മാർ ജോണിന്റെയും അപ്പ
സ്തോലിക പ്രവർത്തനങ്ങൾ വഴിയായി സുറിയാനി സഭയും
16-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനം വഴി
യായി ലത്തീൻസഭയും 17-ാം നൂറ്റാണ്ടിൽ ദെനോബിലിയുടെ
പ്രവർത്തനഫലമായുണ്ടായ ജസ്യൂട്ട് മിഷനറിമാരുടെ മധുരമി
ഷനും 18-ാം നൂറ്റാണ്ടിലെ ഡച്ചുകാരുടെ പ്രവർത്തനഫലമായി
ട്രാൻക്വേബാറിലുണ്ടായ പ്രൊട്ടസ്റ്റന്റ് മിഷനും 19-ാം നൂറ്റാണ്ടിൽ
തിരുവിതാംകൂറിൽ ഉടലെടുത്ത ലണ്ടൻ മിഷൻ സൊസൈറ്റീസും
പില്ക്കാലത്തുണ്ടായ മറ്റു നിരവധി മിഷൻ പ്രസ്ഥാനങ്ങളും ബ്രദ
റൻ സഭകളും ദക്ഷിണ ഭാരതത്തിൽ ക്രിസ്തുമതത്തിന് സുദൃഢ
മായ ഒരു അടിസ്ഥാനം നൽകി.

ഭാരതത്തിലുടനീളം സ്ഥാപിതമായ ഈ മിഷനുകളെല്ലാം തന്നെ
അതിന്റെ സ്ഥാപക പിതാക്കന്മാർ ഈ മിഷനുകളോട് അനുബ
ന്ധിച്ച് തുടങ്ങിവച്ച നല്ല നിലവാരമുള്ള സ്കൂളുകളുടെയും
കോളജുകളേയും പ്രവർത്തനമില്ലായിരുന്നെങ്കിൽ അതിൽത്തന്നെ
വലിയ പ്രാധാന്യമുള്ളതാകുമായിരുന്നില്ല. ചാവറയച്ചന്റേയും വിദ്യാ
ഭ്യാസ പ്രവർത്തന സംരംഭങ്ങൾ മഹത്തായ പാരമ്പര്യത്തിലാണ്
ഉടലെടുക്കുന്നത്.

ഇപ്രകാരമുള്ള നീക്കങ്ങൾ കാലക്രമത്തിൽ ശക്തമായ പല
ബൗദ്ധികമുന്നേറ്റങ്ങൾക്കും കാരണമായി. ആര്യസമാജം, ബ്രഹ്മ
സമാജം മുതലായ ശക്തമായ ബൗദ്ധിക മുന്നേറ്റങ്ങളുടെ ആവിർഭാ
വത്തിന് ക്രിസ്തീയ മിഷനറിമാരുടെ ഇത്തരത്തിലുള്ള പ്രവർത്ത
നങ്ങളാണ് മാതൃകയും പ്രചോദനവും ഏകിയതെന്ന് ചരിത്രകാര
ന്മാർ എല്ലാം സമ്മതിക്കുന്നു.

ക്രിസ്തീയ ശുശ്രൂഷയുടെ പ്രായോഗിക പദ്ധതിയുമായി
ക്രൈസ്തവ മിഷനറിമാർ ആദിവാസികളുടെയും അധഃസ്ഥിതരു
ടേയും ഹരിജനങ്ങളുടേയും ഇടയിൽ ഫലപ്രദമായി പ്രവർത്തിച്ചു.
ചാവറയച്ചനെപ്പോലെ അധികമാരും ഭാരത ക്രിസ്തീയ സഭയുടെ
ഈ ശുശ്രൂഷാചൈതന്യത്തെ ഫലപ്രദമായി പ്രായോഗികമാക്കി
യിട്ടുണ്ടെന്നു തോന്നുന്നില്ല. ഭാരതത്തിലെ ക്രിസ്തീയ സഭ എണ്ണ
ത്തിൽ ചെറുതാണെങ്കിലും ഭാരതത്തിന്റെ ദേശീയ പ്രവർത്തനങ്ങ
ളിൽ എന്നും മുന്നണിയിൽ നിന്നിട്ടുണ്ട്. ഈ സമൂഹത്തിലെ പല
മഹോന്നത വ്യക്തികളും നിരവധി പൊതു പ്രവർത്തനങ്ങളിലും
സ്വകാര്യസ്ഥാപനങ്ങളിലും പ്രമുഖ സ്ഥാനങ്ങൾ അലങ്കരിച്ചി
ട്ടുണ്ട്. ഇവരെല്ലാം എന്നും സാമൂഹ്യസമത്വത്തിനും സമുദായോ
ദ്ധാരണത്തിനുമുള്ള പ്രവർത്തനങ്ങളിലും മുൻപന്തിയിൽ തന്നെ
യായിരുന്നു.

(1987 ഡിസംബർ 20 ന് ചാവറ സ്മാരക സ്റ്റാമ്പ് പ്രകാശനം
ചെയ്ത വേളയിൽ ചെയ്ത പ്രസംഗം)

E-mail: ktm_navadars@sancharnet.in
ഫലപ്രദമായ ലഹരിചികിത്സയ്ക്കും പുനരധിവാസത്തിനും
നവദർശനാശ്രാം
ഫോൺ: 04868-270045
270481
പുളിയൻമല-685 515, കട്ടപ്പന, ഇടുക്കി ജില്ല
ടി.സി. മാതൃകയിലുള്ള ഇന്ത്യയിലെ ചികിത്സാ പുനരധിവാസശ്രാമം

PRAYERFUL GREETINGS FROM
Provincial Superior & Community
CMC Vimala Provincial House
Ernakulam